പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1386

08.02.2013 -ൽ മറുപടിയ്ക്ക്

ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ ഒഴിവുകളും
കെട്ടിക്കിടക്കുന്ന പരാതികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലും ജില്ലാ ഫോറങ്ങളിലും ചെയർമാൻമാരുടെയും അംഗങ്ങളുടെയും എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ഒരു മെമ്പറുടെ ഒഴിവ് നിലവിലുണ്ട്. ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റ് മാരുടെ 4 ഒഴിവുകളും, മെമ്പർമാരുടെ 3 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) സംസ്ഥാന ഫോറത്തിലും ജില്ലാ ഫോറങ്ങളിലും എത്ര പരാതികൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) 31.12.2012 തീയതി വരെ കമ്മീഷനിൽ 1195 കേസുകളും ഫോറങ്ങളിൽ 7771 കേസുകളും തീർപ്പാക്കാതെ കിടക്കുന്നുണ്ട്. |
| (സി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (സി) ജില്ലാതലത്തിൽ കേസുകൾ തീർപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ, സംസ്ഥാന കമ്മീഷൻ എല്ലാ മാസവും വാങ്ങി പരിശോധിക്കുകയും, ആയതിന്റെ വിവരങ്ങൾ ക്രോഡീകരിച്ച ലിസ്റ്റ് നാഷണൽ കമ്മീഷനിലേയ്ക്കും, സർക്കാരിലേയ്ക്കും, സിവിൽ സപ്ലൈസ് ഡയറക്ടർക്കും പരിശോധനയ്ക്കായി അയച്ചുകൊടുക്കാറുണ്ട്. കേസുകൾ തീർപ്പാക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന മെമ്പർമാർക്ക്, കൂടുതൽ കേസുകൾ തീർപ്പാക്കണമെന്ന് കമ്മീഷൻ പ്രസിഡന്റ് നിർദ്ദേശം നൽകിവരുന്നു. അതിനുപുറമേ കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ സംസ്ഥാന |

കമ്മീഷനിൽ നിന്നും, എല്ലാ ഫോറങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അദാലത്തുകളും നടത്തി വരുന്നുണ്ട്. മുതിർന്ന പൌരന്മാർ, വിധവകൾ എന്നിവർ നൽകുന്ന കേസുകൾ, കാലപ്പഴക്കമുള്ള കേസുകൾ എന്നിവ തീർപ്പാക്കുന്നതിന് മുൻഗണനന നൽകാറുണ്ട്. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളുടെ ഫലമായി ഫോറങ്ങളിൽ ഫയൽ ചെയ്യുന്ന കേസുകളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ